"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.പി.കെ രാമചന്ദ്രൻ ഫയൽ ചെയ്ത OA 585/2025 നമ്പർ കേസിൻമേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.04.2025 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1054/2026/LSGD തീയതി,തിരുവനന്തപുരം, 25-05-2026

---

പരാമർശം:-
1. സ.ഉ.(പി) നം.501/2005/ധന, തീയതി 25.11.2005.
2. സ.ഉ.(പി) നം.61/2010/ധന, തീയതി 09.02.2010.
3. സ.ഉ.(കൈ) നം.41/2016/ത.സ്വ.ഭ.വ, തീയതി 26.02.2016.
4. OA 585/2025 ന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 03.04.2025 ലെ ഉത്തരവ്.
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.05.2025 ലെ LSGD/PD/13820/2025-LL6(DEF5) നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ച വന്ന ശ്രീ.പി.കെ രാമചന്ദ്രനെ, പരാമർശം (3) ഉത്തരവ് പ്രകാരം പ്രസ്തുത ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ടി ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കിയിരുന്നു. തുടർന്ന് ശ്രീ രാമചന്ദ്രൻ 01.06.1998 മുതലുള്ള സേവനാനുകൂല്യങ്ങൾ അനുവദിച്ച് കിട്ടുന്നതിനായി അപേക്ഷിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 585/2025 നമ്മേൽ 03.04.2025 ൽ ബഹു. ട്രിബ്യൂണൽ പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിലെ, നിർദ്ദേശം ചുവടെ ചേർക്കുന്നു.

"...... If the applicant prefers Annexure A3 representation within 2 weeks from the date of receipt of a copy of this order before the Government along with a copy of the order, the Government shall consider and pass orders on Annexure A3 within a period of 3 months therefrom."

2. തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ച തീയതിയായ 01.06.1998 മുതൽ സേവനം ക്രമപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 29.05.2024 തീയതിയിൽ ടിയാൻ സർക്കാരിൽ സമർപ്പിച്ച നിവേദനമാണ് മേൽ കോടതി

ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന അനക്ഷർ A3. നിവേദനം. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർക്കാർ 17.05.2025 ൽ ഓണലൈനായി കേൾക്കുകയുണ്ടായി. തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ ഫുൾടൈം തസ്തികയിൽ സേവനത്തിലുണ്ടായിരുന്ന ജീവനക്കാരൻ സ്ഥലംമാറിപ്പോയ ഒഴിവിലാണ് തന്നെ നിയമിച്ചതെന്നും, താൻ 01.06.1998-മുതൽ തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചുവരുന്നുവെന്നും പഞ്ചായത്തിന് 100 $M^2$ -ലേറെ വിസ്തീർണ്ണമുണ്ടെന്നും ആയതിനാൽ 25.11.2005-ലെ ഉത്തരവ് പ്രകാരം, സേവനത്തിൽ പ്രവേശിച്ച തീയതിയായ 01.06.1998 മുതൽ സേവനം ക്രമപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് നേരിൽ കേട്ട വേളയിൽ ടിയാൻ അഭ്യർത്ഥിക്കുകയുണ്ടായി.

3. പരാമർശം (3) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ശ്രീ രാമചന്ദ്രനെ 26/02/2016 തീയതി പ്രാബല്യത്തിൽ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുയിട്ടുള്ളതും ടി തീയതി മുതലുള്ള വേതനകുടിശ്ശിക ടിയാന് അനുവദിച്ച് നല്കിയിട്ടുള്ളതുമാണെന്ന് പരാമർശം(5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി. പാർട്ട് ടൈം സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ള പരാമർശം(1)-ലെ ഉത്തരവിൽ സ്ഥിരപ്പെടുത്തുന്നതിനുമുമ്പുള്ള ശമ്പളം നല്കുവാൻ വ്യവസ്ഥ ചെയ്തിട്ടില്ലെന്നും അറിയിച്ചു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീരാമചന്ദ്രന്റെ നിയമനം 09.02.2010 തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. OA 585/2025 നു മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീ.പി.കെ രാമചന്ദ്രൻ, പാർട്ട് ടൈം സ്വീപ്പർ, തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്, പാലക്കാട്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, പാലക്കാട് (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്, പാലക്കാട് (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ധനകാര്യവകുപ്പ് (24.02.2026 ലെ 108326/EXP-C3/80/2015/Fin) നമ്പർ കുറിപ്പ്.
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 159/ഇപിഎ2/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 25-03-2026 12:10:12
സെക്ഷൻ ഓഫീസർ